I/184501/2024

**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ**
**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം**

വിഷയം:- അ.വ.ഡ. - - ജീവനക്കാര്യം - ശ്രീ. രാജു സി.ആർ., സീനിയർ ക്ലാർക്ക് തസ്തികയിൽ നിന്നും ക്ലാർക്ക് തസ്തികയിലേക്ക് റിവേർട്ട് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം:- 1) നം: എ2-6760/23/ജി.മെ.ഓ. എറണാകുളം, തീയതി: 02/08/2023

2) ഉത്തരവ് നം: ഇഡി1/03/2015/ആ.വ.ഡ., തീയതി: 07/12/15.

3) ഈ ഓഫീസിലെ 06.02.2024.ലെ ഇതേ നമ്പർ നോട്ടീസ്

4) കത്ത് നം. :DMOH-EKM/814/2024-A2തീയതി :01-03-2024.

**ഉത്തരവ് നം : DHS/15720/2023-(ED2) ED1 തിയതി : 29-03-2024**

പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗത്തിൽപെടുന്ന ജീവനക്കാർക്ക് വകുപ്പ്തല പ്രൊമോഷൻ നേടുന്നതിന് ഡിപ്പാർട്മെന്റ് ടെസ്റ്റ് യോഗ്യത നേടിയിട്ടില്ലങ്കിലും കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവീസ് റൂൾസ് ഭാഗം -II ചട്ടം 13A (1)(a), 13 A (2) എന്നിവ പ്രകാരം താത്കാലിക പ്രൊമോഷന് അർഹതയുണ്ട്. ടി ജീവനക്കാർ പ്രൊമോഷൻ ടെസ്റ്റ് യോഗ്യത യഥാസമയം നേടിയിരുന്നെങ്കിൽ പ്രൊമോഷൻ ലഭിക്കുമായിരുന്ന തീയതി മുതൽ മൂന്ന് വർഷത്തേക്കാണ് ടെസ്റ്റ് ഇളവിന് അർഹത. എന്നാൽ അപ്രകാരം ടെസ്റ്റ് ഇളവിൽ താൽക്കാലിക പ്രൊമോഷൻ ലഭിക്കുന്ന ജീവനക്കാർ പ്രസ്തുത മൂന്ന് വർഷത്തിനകം പ്രൊമോഷൻ ടെസ്റ്റ് പാസ്സാകാത്ത പക്ഷം അത്തരം ഉദ്യോഗസ്ഥരെ പ്രൊമോഷൻ തസ്തികയിൽ നിന്നും റിവേർട്ട് ചെയ്യണമെന്ന് കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവീസ് റൂൾസ് ഭാഗം -II ചട്ടം 13 A (2) പ്രകാരം അനുശാസിക്കുന്നു .

2 .എറണാകുളം ജില്ലാ മെഡിക്കൽ ഓഫീസിലെ സീനിയർ ക്ലാർക്ക് ശ്രീ. രാജു സി.ആർ. -ന് കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവീസ് റൂൾസ് ഭാഗം -II ചട്ടം 13A (1)(a), 13 A (2) വ്യവസ്ഥകൾക്ക് വിധേയമായി ക്ലാർക്ക് തസ്തികയിൽ നിന്നും സീനിയർ ക്ലാർക്ക് തസ്തികയിൽ താത്കാലിക സ്ഥാനക്കയറ്റം പരാമർശം (2) പ്രകാരം അനുവദിച്ചു നൽകിയിരുന്നു. എന്നാൽ ടി ജീവനക്കാരൻ നിശ്ചിത കാലയളവിനുള്ളിൽ ഡിപ്പാർട്ട്മെന്റ് ടെസ്റ്റ് പാസ്സാകാത്തതിനാൽ സീനിയർ ക്ലാർക്ക് തസ്തികയിൽ നിന്നും ക്ലാർക്ക് തസ്തികയിലേക്ക് റിവേർട്ട് ചെയ്യാൻ താൽക്കാലികമായി തിരുമാനിച്ചുകൊണ്ട് പരാമർശം (3) പ്രകാരം നോട്ടീസ് നൽകിയിരുന്നു.

3. തനിക്കു കുടുംബപരമായി ചില പ്രശ്ങ്ങൾ ഉണ്ടായിരുന്നതിനാലാണ് ഡിപ്പാർട്മെന്റ് ടെസ്റ്റ് യഥാ സമയം പാസാകാത്തതെന്നും , അടുത്ത പരീക്ഷവരെ തനിക്കു സമയം അനുവദിക്കണമെന്നുമാണ് ശ്രീ. രാജു സി.ആർ-ന്റെ മറുപടിയിൽ ബോധിപ്പിച്ചിരിക്കുന്നത്. ഈ വാദഗതി അംഗീകരിക്കുവാൻ കഴിയില്ല.

I/184501/2024

4. മേൽ സാഹചര്യത്തിൽ ശ്രീ. രാജു സി.ആർ.-നെ സീനിയർ ക്ലാർക്ക് തസ്തികയിൽ നിന്നും ക്ലാർക്ക് തസ്തികയിലേക്ക് റിവേർട്ട് ചെയ്തുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. ടി ജീവനക്കാരന്റെ ജോലി സ്വഭാവത്തിൽ മാറ്റം വരാത്ത സാഹചര്യത്തിൽ നിലവിൽ ജോലി ചെയ്യുന്ന സ്ഥാപനത്തിൽ തന്നെ തുടരാവുന്നതാണ്.

5. ടിയാന്റെ ശമ്പള സ്കെയിൽ ക്ലാർക്ക് തസ്തികയിൽ ഉടനടി പുനഃക്രമീകരിക്കാനും, മേൽ ഉത്തരവിന്റെ പകർപ്പ് ടിയാന്റെ സേവന പുസ്തകത്തിൽ ഒട്ടിച്ച് വച്ച് റിവെർഷൻ നൽകിയ വിവരം രേഖപ്പെടുത്താനും ബന്ധപ്പെട്ട സ്ഥാപനമേധാവി അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

Signed by
Abul Kalam M
Date: 29-03-2024 10:55:19

**Abul Kalam M**
**SENIOR ADMINSTRATIVE OFFICER**

സ്വീകർത്താവ്
ശ്രീ. രാജു സി.ആർ. ക്ലാർക്ക്,ജില്ലാ മെഡിക്കൽ ഓഫീസ് ,എറണാകുളം

പകർപ്പ് ,

1. ജില്ലാ മെഡിക്കൽ ഓഫീസർ (ആ ) എറണാകുളം
2. സൂപ്രണ്ട് ,ഇ എസ് സെക്ഷൻ
3. പകർപ്പ്: ഫയൽ/കരുതൽ ഫയൽ